**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1986 17.12.2012-ൽ മറുപടിയ്ക്ക്

## പോലീസ് ആക്റ്റിലെ 46- ാം വകുപ്പിലെ 3 - ാം ഉപവകുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | പോലീസ് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വെയ്ക്കുന്ന വ്യക്തിയുടെ ഉടുവസ്ത്രങ്ങൾ അഴിച്ചുവാങ്ങുന്ന രീതി ഇപ്പോഴും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പോലീസ് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വെക്കുന്ന വ്യക്തിയുടെ ഉടുവസ്ത്രങ്ങൾ അഴിച്ചുവാങ്ങുന്ന രീതി സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇത് പോലീസ് ആക്റ്റിലെ 46- ാം വകുപ്പിലെ 3- ാം ഉപവകുപ്പ് പ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതു ലംഘിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതു തരത്തിലുള്ള നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ? | (ഡി) | ഇത് ലംഘിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ